**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4325** **06-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതിയിലെ ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതിയിൽ നിലവിൽ എത്ര സർക്കാർ ആശുപത്രികളും എത്ര സ്വകാര്യ ആശുപത്രികളും ചേർന്നിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; ഓരോ ആശുപത്രികളിലും ലഭിക്കുന്ന ചികിൽസകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | **മെഡിസെപ് പദ്ധതിയിൽ 143 സർക്കാർ ആശുപത്രികളും 337 സ്വകാര്യ ആശുപത്രികളും ഉൾപ്പെടെ ആകെ 480 ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശവും ഓരോ ആശുപത്രികളിലും ലഭിക്കുന്ന ചികിൽസകളും മെഡിസെപ് സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന ലിങ്കിലെ സ്പെഷ്യലൈസേഷൻ എന്ന മെനുവിൽ ലഭ്യമാണ്.** |
| (ബി) | മിക്ക ജില്ലകളിലെയും പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ നിന്നും വിട്ടു നിൽക്കുന്നതായും തുടക്കത്തിൽ താല്പര്യമില്ലാതെ പദ്ധതിയിൽ ചേർന്ന പല സ്വകാര്യ ആശുപത്രികളും ഇപ്പോൾ പദ്ധതിയിൽ നിന്നും പിന്മാറുന്നതായുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പദ്ധതിയുടെ ആദ്യഘട്ടത്തിൽ എംപാനൽ ചെയ്തിട്ടില്ലാത്ത സംസ്ഥാനത്തെ മിക്ക ആശുപത്രികളും അടുത്ത ഘട്ട എംപാനൽമെന്റിൽ ഉൾപ്പെട്ടിട്ടുണ്ട്. എംപാനൽ ചെയ്ത ആശുപത്രികൾ ഏതെങ്കിലും പദ്ധതിയിൽ നിന്നും പിൻമാറിയതായി ഇൻഷുറൻസ് കമ്പനി അറിയിച്ചിട്ടില്ല. |
| (സി) | പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളും നിലവിൽ താല്പര്യപ്പെട്ടുവന്ന സ്വകാര്യ ആശുപത്രികളും ചികിത്സ നിർത്തലാക്കി പിൻമാറുന്നതോടുകൂടി മെഡിസെപ് കൊണ്ട് ഉദ്ദേശിച്ച പ്രയോജനം ജീവനക്കാർക്ക് ലഭിക്കില്ല എന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികൾ പദ്ധതിയിൽ നിന്നും പിൻമാറിയതായി ഇൻഷുറൻസ് കമ്പനി അറിയിച്ചിട്ടില്ല. |
| (ഡി) | മെഡിസെപ് മുഖേനയുള്ള ചികിൽസകൾ ആശുപത്രികളിൽ ക്യാഷ്‌ലെസ്സ് ആണോ; എത്ര ദിവസത്തിന് ചികിൽസ ലഭിക്കും; കൂടുതൽ വരുന്ന തുക അടക്കേണ്ടതുണ്ടോ; ഇത് സംബന്ധമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കൃത്യമായ ചികിൽസ മാനദണ്ഡങ്ങൾ; ഏതെല്ലാം ചികിൽസകൾക്ക് ആനുകൂല്യം ലഭിക്കും; എവിടെയെല്ലാം ലഭിക്കും; എങ്ങനെയാണെങ്കിൽ ലഭിക്കില്ല; പരാതി സംഗതികൾക്ക് ആരെയാണ് സർക്കാരിൽ ബന്ധപ്പെടേണ്ടത്; ഇൻഷുറൻസ് കമ്പിനിയുടെ | (ഡി) | മെഡിസെപ് മുഖേന എംപാനൽഡ് ആശുപത്രികളിലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ചികിത്സകൾക്കും ക്യാഷ് ലെസ്സ് ചികിത്സ ലഭ്യമാണ്. മെഡിസെപ് ചികിത്സാ പാക്കേജുകൾക്ക് മുകളിൽ വരുന്ന തുക അടയ്ക്കേണ്ടതില്ല. മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ചികിത്സാ മാനദണ്ഡങ്ങൾ, ചികിത്സകൾ എന്നിവയെ കുറിച്ചുള്ള വിശദാംശങ്ങൾ 27.06.2022 ലെ ജി ഒ (പി) നം.70/2022/ധന സർക്കാർ ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പരാതികൾ |

| | | | |
|---|---|---|---|
| | ഭാഗത്ത് ആരെ ബന്ധപ്പെടണം എന്നിങ്ങനെയുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | മെഡിസെപ് സൈറ്റിലെ ഗ്രീവൻസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. പദ്ധതിയിൽ എംപാനൽ ചെയ്തിരിക്കുന്ന പ്രസ്തുത ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രികളുടെ ലിസ്റ്റ് മെഡിസെപ് പോർട്ടലിൽ ലഭ്യമാണ്. പരാതികൾ online ആയി medisepkerala@orientalinsurance.co.in എന്ന ഇ-മെയിൽ മുഖേന സമർപ്പിക്കേണ്ടതാണ്. |
| (ഇ) | ചില സ്വകാര്യ ആശുപത്രികൾ അവർ കരാറിലേർപ്പെട്ട എല്ലാ ചികിൽസകളും നൽകാതെ ഒന്നിലധികം രോഗവുമായി അഡ്മിറ്റ് ചെയ്യപ്പെടുകയാണെങ്കിൽ ഏതെങ്കിലും ഒരസുഖത്തിന് മാത്രം ചികിൽസ നൽകുന്നതായും പാക്കേജ് എന്ന പേരിൽ 5 ദിവസത്തിന് മാത്രമായി പരിമിതപ്പെടുത്തുന്നതായും ബാക്കി ചികിൽസകളുടെ തുക നിർബന്ധപൂർവം കൈപ്പറ്റുന്നതായും ഉള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികൾക്കെതിരെയാണ് അത്തരത്തിൽ പരാതി ലഭിച്ചിട്ടുള്ളതെന്നും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ? | (ഇ) | ലഭിച്ചിട്ടില്ല. ഇപ്രകാരം പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയെ കളങ്കപ്പെടുത്തുന്ന പ്രവണതകൾ സ്വീകരിക്കുന്ന ആശുപത്രികൾക്കെതിരെ നിയമനടപടികൾ ഉൾപ്പെടെ കർശന നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ